# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം രണ്ടാം ഞായർ

**ലൂക്കാ 15,1132**

ദൈവത്തിന്റെയും ദൈവജനത്തിന്റെയും സംസർഗ്ഗത്തിൽ തിരിച്ചെത്തുമ്പോൾ സ്വർഗ്ഗത്തിൽ ആനന്ദത്തിന്റെ ആഘോഷമുണ്ടാകുമെന്ന ഗുരുമൊഴികൾ ചോർത്തു വായിക്കുമ്പോഴാണ് സ്വർഗ്ഗത്തോളമെത്തുന്ന ദൈവകാരുണ്യത്തിന്റെ ആഴം നമുക്ക് മനസിലാവുക. യഥാർത്ഥത്തിൽ നഷ്ടപ്പെട്ടതിന തിരിച്ചു കിട്ടിയ ഇടയനും അന്വേഷത്തിനൊടുവിൽ നാണയം കണ്ടെത്തി സ്ന്തോഷിക്കുന്ന സ്ത്രീയും മകനെ തിരിച്ചു കിടിയതിൽ ആനന്ദിക്കുന്ന അപ്പനുമാണ് ഈ ഉപമകളിലെ മുഖ്യ കഥാപാത്രങ്ങൾ.

**ഉപമകളുടെ പശ്ചാത്തലം**

യേശു പാപികളെ സ്വകരിക്കുകയും അവരോടു കൂടെ ഭക്ഷണം കഴിക്കുകയും ചെയ്തത് ഫരിസേയർക്കും നിയമജ്ഞർക്കും രസിച്ചില്ല. ചുങ്കക്കാരെയും പരസ്യപാപികൾ എന്ന് കരുതിയിരുന്നവരെയും യഹൂദ സമുദായം പൊതുവെ അകറ്റി നിർത്തിയിരുന്നു. ഇത്തരക്കാരെല്ലാം അവരുടെ ദൃഷ്ടിയിൽ അശുദ്ധരാണ്. അവരുടെ അശുദ്ധി തങ്ങളെ ബാധിക്കാതിരിക്കാൻ, അവരിൽ നിന്നും അകലം പാലിക്കാൻ "നല്ല യഹൂദർ, പ്രത്യേകിച്ച് നേതൃത്വവും ശ്രദ്ധിച്ചിരുന്നു. യേശു അവരുടെ ഈ നയത്തിന് വിപരീതമായി പ്രവർത്തിച്ചു. ചുങ്കക്കാരനെ ശിഷ്യനാക്കി, ചുങ്കക്കാരിൽ പ്രധാനിയുടെ വീട്ടിൽ അതിഥിയായി (ലൂക്കാ 19,1-10), പാദം കഴുകാനും പാദത്തിൽ ചുംബിക്കാനും പരസ്യ പാപിയെ അനുവദിച്ചു (7,36-50). മനുഷ്യപുത്രൻ വന്നിരിക്കുന്നതു തന്നെ നഷ്ടപ്പെട്ടിരിക്കുന്നതിനെ അന്വേഷിച്ചു കണ്ടെത്താനാണല്ലോ (ലൂക്കാ 19,10). സ്വർഗ്ഗത്തിൽ ആനന്ദത്തിന്റെ വിഷയം പാപിയുടെ അനുതാപമാണെന്ന തിരിച്ചറിവും യേശുവിനുണ്ട്. (15,7).

റെയിൽവേ ലവൽ ക്രോസിൽ എഴുതിവച്ചിരുന്ന ബോർഡ് ഇപ്രകാരമാണ്, "Stop, Look, Listen and Proceed"

**വ്യാഖ്യാനം**

| | |
|---|---|
| അപ്പൻ | : പിതാവായ ദൈവം |
| ഇളയ പുത്രൻ | : യേശു ശ്വീകരിച്ച ചുങ്കക്കാരുടെയും പാപികളുടെയും പ്രതിനിധി |
| മൂത്ത പുത്രൻ | : സ്വയം നീതീകരിക്കുന്ന മതനേതൃത്വത്തിന്റെയും ഫരിസേയരുടെയും നിയമജ്ഞരുടെയും പ്രതിനിധി |

**പിതാവായ ദൈവം**

നമ്മൾ ഓരോരുത്തരോടും ദൈവത്തിന്റെ സ്നേഹവും ക്ഷമയും കരുണയും കരുതലും കാത്തിരിപ്പും എത്ര വലുതാണെന്നും, നാം ഓരോരുത്തരും അവിടുത്തേയ്ക്ക് എത്ര വിലപ്പെട്ടവരും വേണ്ടപ്പെട്ടവരുമാണെന്നും ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. പിതാവ് ജീവിച്ചിരിക്കെ ജീവന്റെ വകയായ സ്വത്ത് ആർക്കും വീതിച്ചു കൊടുക്കരുതെന്ന ജ്ഞാനോപദേശം (പ്രഭാ 33,19-23) കാർക്കശ്യനിയമമായി പാലിച്ചിരുന്ന യഹൂദ പിതാക്കൻമാരിൽ നിന്നും ഈ കഥയിലെ അപ്പൻ വ്യത്യതനാണ്. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ വിലമതിക്കുന്ന ദൈവത്തിന്റെ മുഖം ഈ അപ്പനിലുണ്ട്. ഇറങ്ങിപ്പോയ നിമിഷം മുതൽ ആ അപ്പൻ കാത്തിരിക്കുകയായിരുന്നു, അവന്റെ തിരിച്ചു വരവിനായി! ദൂരെ വെച്ചു തന്നെ കാണാനും അവന്റെയരികിലേയ്ക്ക് ഓടിയെത്താനും തുടരെത്തുടരെ ചുംബിക്കാനും ആ അപ്പനെ പ്രേരിപ്പിച്ച പുത്രസ്നേഹം എത്ര വലുതാണ്. മക്കളെ അതും നിഷേധികളായ മക്കളെ ഉമ്മ കൊടുത്ത് സ്വീകരിക്കുന്ന പതിവ് യഹൂദ പിതാക്കൻമാർക്കില്ല. മകനെ കണ്ടമാത്രയിൽ പതിവുകളോ പാരമ്പര്യങ്ങളോ മറന്നു

പോയരപ്പൻ അപ്പൻെറ ചുമ്പനം അവിടുത്തെ സ്നേഹാധിക്ക്യത്തിന്റെയും അതിരറ്റ കാരുണ്യത്തിൻെറയും നിസ്സീമമായ ക്ഷമയുടെയും തെളിവാണ്. തുടർന്നങ്ങോട്ടുള്ള പ്രവൃത്തികളെല്ലാം കരുണയുടെ കുത്തൊഴിക്കാണ്. മനസ്സലിന്റെ നേർക്കാഴ്ചയും. അപ്പാ, അങ്ങേയ്ക്കെതിരായും.... തന്റെ പാപസങ്കീർത്തനം പൂർത്തിയാക്കാൻ കാത്തുനിൽക്കാതെ ദാസർക്ക് ആഞ്ജ കൊടുത്തു ആഘോഷങ്ങൾക്ക് തുടക്കമിടാൻ! സംരക്ഷണത്തിന്റെ പുത്തനുടുപ്പും പുതുബന്ധങ്ങളുടെ മോതിരവും വിശുദ്ധ വഴിയിലേയ്ക്കുള്ള ക്ഷണമായി പാദരക്ഷയും നൽകി ആ മകനെ അപ്പൻ സ്വീകരിച്ചു. കൂലിക്കാരനായി കരുതിയാൽ മതിയെന്നായിരുന്നു അപേക്ഷ. പിതൃപുത്രബന്ധത്തിലേയ്ക്കും അതു വഴിയുള്ള അവകാശത്തിലേയ്ക്കും സാഹോദര്യത്തിലേയ്ക്കും അതു വഴിയുള്ള സന്തോഷത്തിലേയ്ക്കും അവനെ വാരിപ്പുണർന്ന് ഉയർത്തുകയാണ് ആ അപ്പൻ ചെയ്തത്. വിശേഷവസരങ്ങൾക്കായി ഒരുക്കിയിരുന്ന കൊഴുത്ത കാളക്കുട്ടിയെ കൊണ്ട് സദ്യയൊരുക്കാൻ ആവശ്യപ്പെടുന്ന ആ അപ്പൻ കരുതിവെച്ചിരുന്ന സ്നേഹം കലവറയില്ലാതെ നല്കുകയാണ്. പന്നി തിന്നുന്ന തവിടിന്റെ മുമ്പിൽ നിന്ന് അപ്പനൊരുക്കുന്ന സ്നേഹ സദ്യയിലേക്ക് കണ്ണു നനച്ചെത്താൻ അവനു ലഭിച ക്ഷണക്കത്തായിരുന്നിരിക്കണം അപ്പന്റെ കരുണാർദ്രസ്നേഹം!

**ഇളയമകൻ**

"സ്നേഹമുള്ള പിതാവ് ആയിരം അദ്ധ്യാപകരേക്കാൾ വലുതാണ്."

ജി. ഹെർബെട്ട്

ന്യൂ ജനറേഷൻ പിള്ളേരുകളുടെ സ്വഭാവ രീതികൾ നന്നായി പ്രതിഫലിപ്പിക്കുന്നുണ്ട് ഇളയ പുത്രൻ എന്ന കഥാപാത്രം. പക്വതയില്ലെന്നും മുൻപേ സ്വന്തമായി കൈകാര്യം ചെയ്യാൻ പണം വേണമെന്നും പണം ഉണ്ടാക്കണമെന്നുള്ള ചിന്ത വച്ചുപുലർത്തുന്നവൻ. ഇക്കുട്ടർക്ക് കുടുംബവും കുടുംബബന്ധങ്ങളും അത്ര വിലപ്പെട്ട മുല്യങ്ങളല്ല. കുടുംബത്തിൽ കഴിയുന്നത് ബോറടിയും കുടുംബബന്ധങ്ങൾ പഴഞ്ചനുമാണ്.

**ദൂരദേശം**

"സ്ഥല" സംബന്ധമെന്നതിനേക്കാൾ "ആത്മ" സംബന്ധമായി പരിഗണിക്കണം. ബന്ധങ്ങൾ വിഛേദിക്കുന്നവരും ബന്ധങ്ങളിൽ നിന്ന് അകന്നുനിൽക്കുന്നവരും തമ്മിലുള്ള ദൂരമല്ലേ യഥാർത്ത ദൂരം. മനുഷ്യമനസ്സുകൾ തമ്മിൽ അകന്നാൽ അളക്കാൻ അളവു കോളുകളില്ലല്ലോ?

**ധൂർത്ത്**

ഉത്തരവാദിത്വബോധമില്ലായ്മ, അടുച്ചു പൊളിച്ചു ജീവിക്കണം എന്ന അതിഭൗതികതയുടെ സിദ്ധാന്തം, ആഢംബരങ്ങളിലും സുഖങ്ങളിലും മനസ്സുടക്കി പോകുന്നവർ എന്നിങ്ങനെയുള്ള മനോഭാവങ്ങളെയും വ്യതികളെയും ഈ വാക്ക് നന്നായി ദ്യോതിപ്പിക്കുണ്ടല്ലോ?

**സ്വത്ത് നശിപ്പിച്ചു**

പിതൃമൂല്യങ്ങളെ, കുടുംബപാരമ്പര്യങ്ങളെ, വിശ്വാസപ്രമാണങ്ങളെ നശിപ്പിക്കുന്നവരുടെ പ്രതീകമായി മാറുന്നുണ്ട് ഈ ഇളയപുത്രൻ! അപ്പിൻ നിന്നു ചോദിച്ചു വാങ്ങിയ തന്റെ സ്വത്ത് നശിപ്പിച്ചതുവഴി തന്റെ ഭാവിജീവിതെ കുറിച്ച് ഓർമ്മിക്കുകയോ, തന്റെ പ്രവൃത്തി വഴി നശിപ്പിക്കപ്പെട്ട കുടുംബത്തിന്റെയും അപ്പന്റെയും സ്നേഹത്തെക്കുറിച്ചോ അഭിമാനത്തെക്കുറിച്ചോ അവന് ആലോചനയില്ല. ............... തെളിയിക്കുകയല്ലേ അവൻ ചെയ്തത്. പന്നികളെ മേയ്ക്കുക എന്ന നിഷിധ ജോലി ചെയ്യുക വഴി താൻ ജനിച്ചു വളർന്ന മതമുല്യങ്ങളെയും മതനിയമങ്ങളെയും നശിപ്പിച്ചില്ലേ? കുടുംബത്തിൽ നിന്നും രക്തബന്ധങ്ങളിൽ നിന്നും അകന്നു പോകുന്നവർ നശിപ്പിച്ചു കളയുന്നതെന്താക്കെയെന്ന ആത്മശോദന അനിവാര്യമായി മാറ്റിയിരിക്കുന്നു നമ്മുടെ കാലം!

**കഠിന ക്ഷാമവും ഞെരുക്കവും**

മുകളിൽ പ്രസ്ഥാവിച്ച വിധം ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവർ സ്വാഭാവികമായും എത്തിച്ചേരുന്ന ദുരന്തഭൂമിയുടെ ദിശാസൂചനകളാണീ വാക്കുകൾ. സുഭിക്ഷതയുടെ പിതൃഭവനത്തിൽ നിന്ന് കഠിനവറുതിയുടെ ദുരദേശത്തേയ്ക്കുള്ള യാത്രക്കുള്ള ടിക്കറ്റ് അഹങ്കാരമായിരുന്നോ? ന്യൂ ജനറേഷൻ ചിന്തകളായിരുന്നോ? പുതുമ തേടുന്ന ജിജ്ഞാസയായിരുന്നോ? പാപവും പാപവഴികളും നഷ്ടപ്പെടുത്തുന്ന വാഴ്‌വും പരപ്രസാദങ്ങളും ആത്മാവിനെ കഠിനനുഭവങ്ങളിലേയ്ക്കും ഞെരുക്കങ്ങളിലേയ്ക്കും നയിക്കുന്നില്ലേ?

**പന്നിയും തവിടും**

ഒരു യഹൂദാത്മാവിന്റെ വിഴ്ച്ചയും മുഴുവൻ പതനത്തിന്റെ പാരമ്യവും ചിന്തിപ്പിക്കുന്നുണ്ട് ഈ പദങ്ങൾ. വിജാതിയസ്ഥലത്ത് നിന്ദ്യവും വിഷിദ്ധവുമായ (ലേവ്യർ 11,7) ജോലിയിൽ ഏർപ്പെടുക! ജോലിയും ജോലിയിടവും വിശ്വാസമൂല്യങ്ങളുടെ നിരസനത്തിൻ കാരണമാവുക.

**സുബോധം**

സഹനം സത്യത്തിലേയ്ക്കുള്ള വഴിയായി മാറിയാൽ രക്ഷപ്പെടും. അനുതാപത്തിന്റെ മുന്നോടിയാണ് സുബോധം. ഉത്തമ മനസ്താപത്തിന്റെ ലക്ഷണങ്ങളുണ്ട് ഈ സുബോധത്തിന്. പിതാവ്, പിതൃഭവനം, പിതൃഭവനത്തിലെ സുരക്ഷിതത്വം, സുഭിക്ഷത, സഭയാകുന്ന തറവാട്ടിൽ നിന്ന് പടിയിറങ്ങുന്നവർക്ക് സുബോധത്തിന്റെ തിരിച്ചുനടക്കലിലേയ്ക്ക് ഊർജ്ജം പകരുന്നുണ്ട് ഈ വിചിന്തനങ്ങൾ.

> സ്നേഹം
> ബഹിഷ്ക്കരിക്കുന്ന
> ഇടം സ്വർഗ്ഗമാണെങ്കിൽ
> സ്നേഹം
> പങ്കുവയ്ക്കുന്ന
> ഇടം സ്വർഗ്ഗമാണ്.

**എഴുന്നേറ്റ്**

ഉറക്കത്തിൽ നിന്ന്, ആലസ്യത്തിൽ നിന്ന്, സിസ്സംഗതയിൽ നിന്ന്, സ്വാർത്ഥതയിൽ നിന്ന്, പാപവഴികളിൽ നിന്ന്, തെറ്റായ കൂട്ടുക്കെട്ടുകളിൽ നിന്ന്, പാപസാഹചര്യങ്ങളിൽ നിന്ന് അവിശ്വാസ്ഥതയിൽ നിന്ന്, തെറ്റായ ബോധ്യങ്ങളിൽ നിന്ന്...... ഒരുവൻ ഉണരേണ്ടതും എഴുന്നേൽക്കേണ്ടതുമായ ഇടങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിവുണ്ടായൽ ഈ തിരിച്ചുനടക്കലുകൾ ഉണ്ടാകും. ഇത്തരം ഒരു അഭയം ഇടപ്പെടുത്തൽ നമ്മുടെ ആത്മീയ പാതയിൽ രക്ഷാകരമാകും.

**ഞാൻ പറയും**

പറച്ചിലും ഏറ്റുപറച്ചിലും തമ്പുരാനോടാകുമ്പോൾ ഭയപ്പെടാനില്ല. കുമ്പസാരക്കൂട് വിധിയുടെയും ശിക്ഷയുടെയും ഇടമല്ലല്ലോ? കടന്നുവരുമ്പോൾ ഹൃദയഭാരവും ഇറങ്ങപ്പോകുമ്പോൾ ഹൃദയലാഘവത്വവും സംഭവിക്കുന്ന ഏക ഇടമാണ് കുമ്പസാരക്കൂട്. ദൈവാലയത്തിലെ സ്കാരി തിനുസ്സാന്നിദ്ധ്യത്തിന്റെ കൂടാരമാണെങ്കൽ കുമ്പസാരക്കുട് കാരുണ്യത്തിന്റെ കലവറയാണ്.

**സ്വർഗ്ഗത്തിനെതിരായും നിനക്കെതിരായും**

ഇളയപുത്രന്റെ തിരിച്ചറിവും തിരിച്ചു നടക്കലും രക്ഷാകരമാക്കുന്നതിന്റെ രഹസ്യം ഈ വാക്കുകളിലുണ്ട്. പിതാവനെതിരായി ചെയ്തത് പിതാവായ ദൈവത്തിനെതിരായികൂടി ചെയ്തതാണെന്ന ബോദ്ധ്യം. ഭൂമിയിലെ സകല പിതൃത്വവും ദൈവത്തിന്റെ പിതൃത്വത്തിന്റെ ഭാഗമാണ്. നീ നിന്റെ മാതാപിതാക്കളെ ബഹുമാമിക്കുക എന്ന ദൈവപ്രമാണത്തിന്റെ അന്തസത്തയും മറ്റൊന്നുമല്ല. വ്യക്തിപരമായ പാപങ്ങൾക്ക് പോലും സാമൂഹികമായ മാനങ്ങളുണ്ട്. അനുരജ്ഞനകുദാശ പൂർണ്ണമാകണമെങ്കിൽ സഹോദരനോടും ദൈവത്തോടും അനുരജ്ഞനപ്പെടണം. പാപം ഭൗതിക, ആത്മീയതലങ്ങളെ കളങ്കപ്പെടുത്തുന്നുണ്ട്. ശരീരത്തിൽ സ്നാനവും ആത്മാവിൽ അഭിഷേകവും നമുക്ക് ആവശ്യമാണ്. അപ്രതീക്ഷിതമായി അപ്പനിൽ നിന്നു വ്യവസ്ഥകളില്ലാത്ത, അതിരുകളില്ലാത്ത, ക്ഷമിക്കുന്ന സ്നേഹത്തിന്റെ അനുഭവം ഉണ്ടായപ്പോൾ ആ ഇളയപുത്രൻ കരഞ്ഞിട്ടുണ്ടാകും തീർച്ച! ആഴമായ സ്നേഹാനുഭവം നമ്മുടെ കണ്ണുകളെ നനയിക്കാറില്ലേ?

**മൂത്ത പുത്രൻ**

**വയലിലായിരുന്നു**

അവൻ വയൽ വേലയിലായിരുന്നു. അനുജനുകൂടി ചെയ്യേണ്ട ജോലി കൂടുതൽ ചെയ്യേണ്ടി വന്നിട്ടുണ്ടാകും ആ ചേട്ടന്. കൂട്ടില്ലെങ്കിലും ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറിയില്ല. പ്രശംസ അർഹിക്കുന്നുണ്ട് വയലിൽ ഈ ചേട്ടൻ ചെയ്യുന്ന ജോലിക്ക്. പക്ഷേ!!!

മനോഭാവം പ്രശംസനീയമല്ല. സ്വന്തം വീട്ടിലെ കാര്യങ്ങൾ അപരരോട് അന്വേഷിക്കുന്ന അപരിചിതത്വം എങ്ങനെയുണ്ടായി? അകത്തു കയറാൻ വിസമ്മതമറിച്ചതും ചെയ്തിരുന്നതെല്ലാം ദാസ്യവേലയായിരുന്നെന്നും അപ്പന്റെ വാക്കുകളെല്ലാം കൽപനകളായിരുന്നെന്നും കരുതിയിടത്ത് അവൻ ചെയ്തിരുന്നതിന്റെയെല്ലാം ശോഭ കെടുത്തിപോയില്ലേ? മനസ്സും മനോഭാവവുമാണ് വിശുദ്ധിയുടെ അടയാളങ്ങൾ; വാക്കും പ്രവർത്തികളുമല്ല. നിയമമല്ല സ്നേഹമാണ് സർവ്വോൽകൃഷ്ടം.

**വേശകളോട് കൂട്ട് ചേർന്ന്; സ്വത്തെല്ലാം ദൂർത്തടിച്ച്**

ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചത് തെളിവില്ലാതായിരുന്നില്ലേ? അസൂയ കൊണ്ടായിരുന്നില്ലേ? സ്വന്തം ദുർമോഹങ്ങളുടെ നിഴലുകൾ ഈ ആരോപണങ്ങളില്ലെ? കുറ്റപ്പെടുത്തലുകളുടെയും ദുരാരോപണങ്ങളുടെയും പിറകിൽ സ്വന്തം ദുർമോഹങ്ങളുടെ ചായക്കൂട്ടുകൾ ഉണ്ടെന്നുള്ളത് ഒരു മനഃശാസ്ത്ര സത്യമല്ലേ? "നിങ്ങൾ ആരെയും വിധിക്കുരുത്" എന്ന ഗുരുമൊഴികൾ ചേർത്ത് വിചിന്തനം നടത്തിയാൽ ഈ സത്യം ബോധ്യമാകും.

ഞാൻ

പിതാവിന്റെ

പക്കലേയക്ക്

തിരിച്ചുപോകും...

ഈ തിരിച്ചുപോക്കാണ്

ധ്യാനം അഥവ

മാനസാന്തരം...

**പിതാവിന്റെ വാക്കുകൾ**

**മകനെ**

ഇറങ്ങി പോയവനും തിരികെ വന്നവനും കൂടെ നിന്നവനും അകത്തു കയരാൻ വിസമ്മതിക്കുന്നവനും പിതാവിന് സ്വന്തം മക്കൾ തന്നെ. ഏത് അവസരത്തിലും, ഏത് തെറ്റുചെയ്താലും പിതാവിന് മക്കൾ മക്കൾ തന്നെ. ഈ പിതൃഭാവത്തിന് നമ്മുടെ കാലത്തും ഉലച്ചിൽ തട്ടാതിരുന്നെങ്കിൽ!

**എനിക്കുള്ളതെല്ലാം നിന്റേതാണ്**

ഇത്തരം ഔദാര്യചിന്തയുള്ള പിതൃത്വവും ഇത്തരം അവകാശബോധമുള്ള പുത്രവിചാരവും സുകൃതമാണ്. അപ്പന്റെ സ്വത്തിലും സന്തോഷത്തിലും പങ്കുപറ്റാൻ തയ്യാറുള്ളവർ അപ്പന്റെ അവശതയിലും അപ്പന്റെ ഇല്ലായ്മകളിലും പങ്കുചേരണം. അപ്പന്റെ അവകാശങ്ങളെയും അനന്തങ്ങളെയും തല്ലിക്കെടുത്തരുത്!

**നഷ്ടപ്പെട്ടവൻ കണ്ടുകിട്ടിയൻ; മരിച്ചവനായിരുന്നു; ജീവിച്ചിരിക്കുന്നു.**

ഈ ഭാഷ സാധാരണ ഭാഷയല്ല. നമുക്കു പരിചിതമായ ഭൗതികതലത്തിന്റേതുമല്ല. ഭൗമിക പിതാക്കൻമാരുടെ ശൈലിയുമല്ല. എങ്കിൽ, ആത്മിയ തലമാണ് വിവക്ഷ. സ്വർക്ഷീയ പിതാവിന്റേതാണ് വാക്കുകളും ശൈലികളും. പിതാവായ ദൈവത്തിന്റെ സ്നേഹവും കാരുണ്യവും വെളിപ്പെടുത്തുന്ന ഈ ഉപമ സുവിശേഷങ്ങളിലെ ജനപ്രയ കഥകളിലൊന്നായി ഇന്നും തുടരുന്നു.

---

റവ. ഫാ. ഡോ. പോളി പടയാട്ടി